"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഹെൽത്ത് ഗ്രാന്റ് 2022-23 - ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ ഇയ്യാട് സബ്സെന്ററിന് അനുവദിച്ച തുക കാന്തപുരം സബ്സെന്റർ കെട്ടിടത്തിന് വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.996/2025/LSGD തീയതി,തിരുവനന്തപുരം, 21-04-2025

---

പരാമർശം:-

1. സ.ഉ.(സാധാ) നം.1625/2023/LSGD; തീയതി 09.08.2023
2. ഉണ്ണികുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 06.12.2024ലെ 400967/DPPE03/GPO/2024/1112 നമ്പർ കത്ത്
3. സ.ഉ.(സാധാ) നം.295/2025/LSGD; തീയതി 31.01.2025

**ഉത്തരവ്**

പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള 2022-23 ഹെൽത്ത് ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം 1 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അത് പ്രകാരം കെട്ടിടങ്ങൾ ഇല്ലാത്ത ആരോഗ്യ സ്ഥാപനങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം നൽകുന്ന സ്കീം 1 പ്രകാരം ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ മങ്ങാട് എഫ്.എച്ച്.സി.ക്ക് കീഴിൽ എകരൂൽ, ഇയ്യാട്, കരുമല, കരിയാത്തൻ കാവ് എന്നീ 4 സബ് സെന്ററുകളുടെ കെട്ടിടനിർമ്മാണത്തിനായി 27.75 ലക്ഷം രൂപ വീതം ആദ്യഗഡുവായി അനുവദിക്കുകയും ചെയ്തിരുന്നു. അതിൽ കരുമല, കരിയാത്തൻകാവ്, എകരൂൽ എന്നീ സബ്സെന്ററുകളുടെ കെട്ടിട നിർമ്മാണം ടെണ്ടർ നടപടി പൂർത്തിയാവുകയും, നിർമ്മാണ പ്രവർത്തിയുമായി ബന്ധപ്പെട്ട് കരാറിൽ ഏർപ്പെടുകയും നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

2. എന്നാൽ ഇയ്യാട് സബ്സെന്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലെ കെട്ടിടത്തിന് കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലായി നവീകരണ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളതും, കെട്ടിടം നല്ല രീതിയിൽ പ്രവർത്തിക്കുന്നുമുണ്ട് എന്നും, നിലവിലുള്ള കെട്ടിടം പൊളിച്ച് മാറ്റിയാൽ മാത്രമേ ഹെൽത്ത് ഗ്രാൻറ് ഉപയോഗിച്ച് പുതിയ കെട്ടിടം അവിടെ നിർമ്മിക്കാൻ കഴിയുകയുള്ളൂ എന്നും, എന്നാൽ അതേ എഫ്.എച്ച്.സി.ക്ക് കീഴിലുള്ള ഗ്രാമപഞ്ചായത്തിലെ 10ാം വാർഡിലുള്ള കാന്തപുരം സബ്സെന്റർ നിലവിൽ വളരെ പരിതാപകരമായ അവസ്ഥയിലാണുള്ളത് എന്നും, സാധാരണ കാലാവസ്ഥയിൽ പോലും പ്രവർത്തിക്കുന്നതിന് സുരക്ഷിതമല്ലെന്ന് സാങ്കേതിക വിഭാഗം അസി. എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ, ഇയ്യാട് സബ് സെൻററിന് പകരമായി കാന്തപുരം സബ് സെൻറർ പുതുക്കി

നിർമ്മിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം ഉണ്ണികുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് ആരോഗ്യ ഉപകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയ ഇടങ്ങളിൽ നിന്നും മാറി, സ്ഥലലഭ്യത കണക്കിലെടുത്ത് അതേ തദ്ദേശ ഭരണ സ്ഥാപനത്തിലെ മറ്റൊരു സബ്സെന്റർ നിർമാണത്തിന് തുക വിനിയോഗിക്കുന്നതിന് പി.എഫ്.എം.എസ് ൽ മറ്റ് ക്രമീകരണങ്ങൾ ആവശ്യമില്ല. കൂടാതെ നിലവിൽ അനുവദിച്ചിട്ടുള്ള ഗ്രാന്റ് തുകയുടെ 50% ചെലവഴിച്ചെങ്കിൽ മാത്രമേ അടുത്ത വർഷത്തേക്കുള്ള ഗ്രാന്റ് കേന്ദ്ര സർക്കാർ റിലീസ് ചെയ്യുകയുള്ളൂ എന്ന സാഹചര്യവുമുണ്ട്. മേൽ സാഹചര്യത്തിൽ, പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച 2022-23 ലെ ഹെൽത്ത് ഗ്രാന്റ് സ്കീം 1 പ്രകാരം കെട്ടിടങ്ങൾ ഇല്ലാത്ത ആരോഗ്യ ഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഉണ്ണികുളം ഗ്രാമപഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഇയ്യാട് സബ്സെന്ററിനു പകരം, ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിൽ നിലവിൽ ശോചനീയാവസ്ഥയിലുള്ള കാന്തപുരം സബ്സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4. നിർവഹണത്തിന് പരാമർശം 3 പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/ സെക്രട്ടറി, ഉണ്ണികുളം ഗ്രാമപഞ്ചായത്ത്, ഏകരൂൽ പി.ഒ., കോഴിക്കോട് - 673574
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
4. ഡയറക്ടർ, ആരോഗ്യ വകുപ്പ്
5. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാൽണൽ ഹെൽത്ത് മിഷൻ
7. ജില്ലാ പ്ലാനിംഗ് ഓഫീസർ, കോഴിക്കോട്
8. ജോയിന്റ് ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), കോഴിക്കോട്
9. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
10. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
11. ഡയറക്ടർ ജനറൽ, കില
12. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
13. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
14. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
15. തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്
16. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
17. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 22-04-2025 10:42:55

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്